**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2742** 18/06/2018 -ൽ മറുപടിയ്ക്ക്

**അപകട മരണം സംഭവിച്ച രക്ഷിതാക്കളുടെ മക്കളുടെ തുടർപഠനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.സി.ജോസഫ്: | | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകട മരണം സംഭവിച്ചാൽ കുട്ടികൾക്ക് തുടർപഠനത്തിന് 50,000/- രൂപ ട്രഷറി നിക്ഷേപമായി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ബി പി എൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് അപകട മരണം സംഭവിച്ചാൽ കുട്ടികളുടെ തുടർപഠനത്തിനായി 50,000/- രൂപ ട്രഷറി നിക്ഷേപമായി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതു വരെ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | സ്കൂൾ കുട്ടികൾക്കായുള്ള സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി പുതുതായി ഉൾപ്പെടുത്തിയതാണ് മുകളിൽ സൂചിപ്പിച്ച പദ്ധതി. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിനർഹമായവരുടെ അപേക്ഷ സ്വീകരിച്ച് തീരുമാനം കൈക്കൊള്ളുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് ? | (സി) | നാളിതുവരെ ആർക്കും ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ